# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4686** — **28.06.2013 - ൽ മറുപടിക്ക്**

## തവനൂർ കാർഷിക സർവ്വകലാശാല അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ് വളപ്പിലെ ഇല്ലത്തറ

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. കെ.ടി. ജലീൽ | **ശ്രീ.കെ.പി. മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) തവനൂർ കാർഷിക സർവ്വകലാശാല അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് കോളേജ് വളപ്പിൽ വില്വമംഗലത്ത് സ്വാമിയാരുടെ ജന്മഗേഹമായ പുരാതന ഇല്ലത്തറ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) ഉണ്ടെങ്കിൽ പ്രസ്തുത സ്ഥലം വില്വമംഗലത്തിന്റെ സ്മാരകത്തിനായി വിട്ടുനൽകുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | ബി) വില്വമംഗലത്തിന്റെ സ്മാരകത്തിനായി സ്ഥലം വിട്ടുകൊടുക്കുന്ന വിഷയം കേരള കാർഷിക സർവ്വകലാശാല ഭരണസമിതിയുടെ പരിഗണനയിലാണ്. (കേരള കാർഷിക സർവ്വകലാശാല ആക്റ്റ് പ്രകാരം സർവ്വകലാശാലയിലെ വിവിധ സ്റ്റേഷനുകളിലെ സ്ഥലങ്ങളുടെ നിയന്ത്രണാധികാരം സർവ്വകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ നിക്ഷിപ്തമാണ്. കൂടാതെ സർവ്വകലാശാലയുടേയും അനുബന്ധ സ്ഥാപനങ്ങളുടേയും സ്ഥലങ്ങൾ കൈമാറ്റം ചെയ്യുന്നതിന് സർവ്വകലാശാല ഭരണസമിതിയുടെ അനുവാദത്തോടെ മാത്രമേ ആകാവൂ എന്ന് നിഷ്കർഷിച്ചിരിക്കുന്നു. കേരള കാർഷിക സർവ്വകലാശാലയുടെ 492-)മത് ഭരണസമിതി യോഗം സർവ്വകലാശാലയുടെ ഭൂമി മറ്റ് ഏജൻസികൾക്കോ ആവശ്യങ്ങൾക്കോ കൊടുക്കരുത് എന്ന് തീരുമാനമെടുത്തിരുന്നു.) |
| സി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപേക്ഷ കൃഷിവകുപ്പിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരിൽ നിന്നുമാണ് അപേക്ഷ ലഭിച്ചത്; | സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വില്വമംഗലം സ്മാരക ട്രസ്റ്റ് ചെയർമാനായ ശ്രീ. അക്കിത്തം നമ്പൂതിരി 04/10/2011-ന് ഗുരുവായൂർ ദേവസ്വം ചെയർമാൻ / അഡ്മിനിസ്ട്രേറ്റർക്ക് അയച്ച ഒരു നിവേദനത്തിന്റെ പകർപ്പ് കേരള കാർഷിക സർവ്വകലാശാലക്ക് ലഭിച്ചിട്ടുണ്ട്. |
| ഡി) ഇതിൻമേലുള്ള നടപടി ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ? | ഡി) വില്വമംഗലത്തിന്റെ സ്മാരകത്തിനായി സ്ഥലം വിട്ടുകൊടുക്കുന്ന വിഷയം കേരള കാർഷിക സർവ്വകലാശാല ഭരണസമിതിയുടെ പരിഗണനയിലാണ്. |

Sreejma.
സെക്ഷൻ ഓഫീസർ